**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1659

01.11.2019 ൽ മറുപടിയ്ക്ക്

**ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് അതിന്റെ പരിധിയ്ക്കുള്ളിൽത്തന്നെ ഓഫീസ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ :** | | **ശ്രീ. എ.സി. മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | കേരളത്തിലെ ഏക ആദിവാസി ഗ്രാമപഞ്ചായത്തായ ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ പഞ്ചായത്ത് ഓഫീസ് പ്രസ്തുത ഗ്രാമപഞ്ചായത്തിന് പുറത്തുള്ള ദേവികുളത്ത് പ്രവർത്തിക്കുന്നതിലെ അനൗചിത്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് മേഖലയിലെ ജനങ്ങളെ പഞ്ചായത്തിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങളിൽ നിന്നും അകറ്റുന്നതിനാൽ ഇടമലക്കുടി പഞ്ചായത്തിന് അതിന്റെ പരിധിയ്ക്കുള്ളിൽത്തന്നെ ഓഫീസ് സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഇടമലക്കുടി പ്രത്യേക പാക്കേജ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് കമ്മിറ്റി മുൻകൂട്ടി ഊരുകൾക്ക് അറിയിപ്പ് നൽകി ഇടമലക്കുടി പഞ്ചായത്ത് പരിധിയിലെ സൊസൈറ്റിക്കുടിയിൽ ഒരു മാസത്തിൽ 10 ദിവസം ജീവനക്കാർ ക്യാമ്പ് ചെയ്ത് സേവനങ്ങൾ നൽകി വരുന്നുണ്ട്. രൂക്ഷമായ കാട്ടാന ശല്യവും യാത്രാക്ലേശവും അനുഭവപ്പെടുന്ന ടി പ്രദേശത്ത് ജീവനക്കാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന രീതിയിലുള്ള കെട്ടിടങ്ങൾ ലഭ്യമായാൽ മാത്രമേ പൂർണ്ണ തോതിൽ ഓഫീസ് പ്രവർത്തനം സാദ്ധ്യമാവുകയുള്ളൂ. |

Pradeepkumar

**സെക്ഷൻ ഓഫീസർ**